Reg. No. : ....................................

Name : .......................................

**Code No. 9002**

**Second Year – March 2018**

Time : 2 $\frac{1}{2}$ Hours
Cool-off time : 15 Minutes

Part – II

# മലയാളം

## (MALAYALAM)

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**ഒന്നു മുതൽ പതിനൊന്നുവരെ ചോദ്യങ്ങളിൽ ഏതെങ്കിലും പത്തെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) (സ്കോർസ് : 10 × 2 = 20)**

1. മാധ്യമങ്ങളിലെ ഭാഷാരീതിയെ സംബന്ധിച്ചിടത്തോളം ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുത്തെഴുതുക.
   - തെറ്റിദ്ധാരണയ്ക്കു പഴുതില്ലാത്തവിധം വ്യക്തവും ശക്തവും ശുദ്ധവുമായിരിക്കണം.
   - അതിശയോക്തിയുടെ ഹസ്താവലംബം ഉണ്ടായിരിക്കണം.
   - ബഹുജനങ്ങളെ ഹരം കൊള്ളിക്കുന്നതാവണം.
   - ഒരേ സന്ദേശം അർത്ഥത്തിന് ഏറ്റക്കുറച്ചിൽ കൂടാതെ പരമാവധി പേരിലെത്തണം.

2. 'അഗ്നിവർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലെ കഥാപാത്രങ്ങൾ ആരെയൊക്കെയാണ് പ്രതിനിധീകരിക്കുന്നത് ?

3. 'ഗൗളിജന്മം' എന്ന കഥയിൽ വിമർശന വിധേയവാകുന്ന കാര്യങ്ങൾ വേർതിരിച്ചെഴുതുക ?

   * എഴുത്തുകാരുടെ അഹങ്കാരം
   * സംഗീതരംഗത്തെ ആത്മാർത്ഥതയില്ലായ്മ
   * രാഷ്ട്രീയ രംഗത്തെ അഴിമതി
   * ഡോക്ടർമാരുടെ ഈഗോ

4. "തിരസ്കൃതനായാണ് ഞാൻ ജനിച്ചതും വളർന്നതും" – കലാമണ്ഡലം ഹൈദരലിയുടെ ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ചില ജീവിത സന്ദർഭങ്ങൾ 'പദത്തിന്റെ പഥത്തിൽ' എന്ന പാഠഭാഗത്തു നിന്നു കണ്ടെത്തി കുറിക്കുക.

5. "ആളുകളെ സംഘടിപ്പിക്കാനും ആശയങ്ങൾ ഊതിക്കാച്ചിയെടുക്കാനും ഒക്കെ അപരിമിതമായ അവസരങ്ങൾ ഒരുക്കിത്തരുന്ന ഒന്നാന്തരം ജനാധിപത്യവേദി കൂടിയാണ് സാമൂഹികസമ്പർക്ക മാധ്യമങ്ങൾ" – ഈ വിശേഷണത്തിന് അർഹമായ പ്രധാന മാധ്യമങ്ങൾ ഏതൊക്കെയാണ് ?

6. ചുവടെ പറയുന്ന എഴുത്തുകാരിൽ ആട്ടക്കഥാ സാഹിത്യവുമായി ബന്ധമില്ലാത്തവർ ആരൊക്കെയാണ് ?

   - ഉണ്ണായിവാര്യർ
   - കലാമണ്ഡലം ഹൈദരലി
   - ഇരയിമ്മൻ തമ്പി
   - കാവാലം നാരായണപ്പണിക്കർ

7. മനുഷ്യജീവിതത്തിന്റെ വൈവിധ്യം കണ്ടെത്തുകയും വിവരിക്കുകയും ചെയ്യുന്ന സഞ്ചാര സാഹിത്യ കൃതികൾക്ക് എന്തൊക്കെ സവിശേഷതകൾ ഉണ്ടായിരിക്കണമെന്നാണ് നിങ്ങളുടെ അഭിപ്രായം ?

8. “പണ്ഡിതന്മാർക്കു പോലുമുള്ളൊരു ശീലമത്രേ” – ഏതു ശീലത്തെക്കുറിച്ചാണ് ശകുന്തള ഇപ്രകാരം പറയുന്നത്?

9. പടയണിയെ പരിചയപ്പെടുത്താൻ നിർമ്മിക്കുന്ന 2 മിനിട്ട് മാത്രം ദൈർഘ്യമുള്ള ഹ്രസ്വ ചിത്രത്തിലേക്ക് ഒരു ലഘു വിവരണം തയ്യാറാക്കുക.

10. ‘അവകാശങ്ങളുടെ പ്രശ്നം’ എന്ന കഥയെ അവലംബിച്ച് മനുഷ്യന്റെ അസ്തിത്വവ്യഥ, വിപണിയുടെ കാപട്യം എന്നീ വിഷയങ്ങളെപ്പറ്റി നവമാധ്യമങ്ങളിൽ പ്രകാശിപ്പിക്കാനായി ഒരു കുറിപ്പ് എഴുതുക.

11. “ഫിസിക്സിലെ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസ്സുകളായിരുന്നു” മലയാളം ക്ലാസ്സുകളിൽ നിന്നു കിട്ടിയ വലിയ അറിവ് എന്തായിരുന്നു എന്നാണ് ഇ.സി.ജി. സുദർശൻ സാക്ഷ്യപ്പെടുത്തുന്നത്?

**12 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (സ്കോർ 4 വിതം) (സ്കോർസ് : 5 × 4 = 20)**

12. നാടൻ കലാമേളയുടെ സംഘാടകനായ സുഹൃത്തിന് ആമുഖ ഭാഷണം നടത്താനായി കാക്കാരശ്ശി നാടകത്തെപ്പറ്റി ലഘു കുറിപ്പ് തയ്യാറാക്കുക.

13. “എം.ബി.ബി.എസ് വിദ്യാർത്ഥികൾ താരാശങ്കർ ബാനർജിയുടെ ‘ആരോഗ്യ നികേതനം’ പോലുള്ള നോവലുകളും ആർക്കിടെക്റ്റുകൾ ബഷീറിന്റെ ‘ഭൂമിയുടെ അവകാശികൾ’ പോലുള്ള കൃതികളും വായിക്കുന്നത് നന്നായിരിക്കും” – ഈ പ്രസ്താവനയുടെ സാംഗത്യം ചുരുക്കി വിവരിക്കുക.

14. "ചരിത്രകുതുകിയായ ഒരു സഞ്ചാര സാഹിത്യകാരനെയാണ് 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്ന പാഠഭാഗത്തു കാണാനാവുക" – നിങ്ങളുടെ നിരീക്ഷണം രേഖപ്പെടുത്തുക.

15. "അന്ന വസ്ത്രാദിമുട്ടാതെ
തന്നുരക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു
തന്നെ ഞങ്ങൾക്കു തമ്പുരാൻ"
(ദൈവദശകം)

– ഈ വരികളിലെ 'ഞങ്ങൾ' എന്ന പ്രയോഗത്തിന്റെ സാരസ്യം പരിശോധിക്കുക.

16. ദമയന്തിയെയും ബാഹുകനെയും കുറിച്ചു പറയുമ്പോൾ ഉപയോഗിക്കുന്ന സംബോധനാ പദങ്ങളുടെ അടിസ്ഥാനത്തിൽ കേശിനിയുടെ സ്വഭാവ സവിശേഷതകൾ ലഘു കുറിപ്പായി എഴുതുക.

17. നവമാധ്യമങ്ങളുടെ കാലത്ത് പത്രമാധ്യമങ്ങൾ സ്വീകരിക്കുന്ന പുതുമകളെക്കുറിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (സ്കോർസ് : 3 × 6 = 18)**

18. 'മനുഷ്യ ജീവിതാവസ്ഥകൾ ലോകത്തെവിടെയും ഒന്നാണെന്ന് പരോക്ഷമായി പറഞ്ഞു തരികയാണ് വിവർത്തന കൃതികൾ ചെയ്യുന്നത് ' – 'പ്രകാശം ജലം പോലെയാണ്' എന്ന കഥ മുകളിലെ പ്രസ്താവനയെ സാധൂകരിക്കുന്നുണ്ടോ ? വിശദമാക്കുക.

19. അഗ്നിവർണ്ണന്റെ കാലുകളിൽ അടിച്ചുതളിക്കാരി രംഗപ്രവേശം ചെയ്യുന്നതോടെ നാടകത്തിനു കൈവരുന്ന സാമൂഹ്യമാനം വ്യക്തമാക്കുക.

20. 'കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം'

(ശീലാവതിചരിതം – നമ്പ്യാർ)

'പിന്നെ നീ നിനക്കൊത്തദിക്കിനു പൊയ്ക്കൊള്ളണം
നിന്നിനിക്കാലം കളഞ്ഞീടായ്ക വെറുതെ നീ'

(മഹാഭാരതം കിളിപ്പാട്ട് – എഴുത്തച്ഛൻ)

'മലയോരത്തമ്മയിരുന്നു
ദഹിപ്പതു കണ്ടു കലങ്ങി
മുലപാതി മുറിഞ്ഞവളാറ്റിൻ
കരയിൽ കനലായി വിളിച്ചൂ'

(കിരാതവൃത്തം – കടമ്മനിട്ട)

ചൂഷണത്തിനും അപമാനത്തിനും വിധേയമാകുന്ന കാര്യത്തിൽ എന്നും സ്ത്രീയും പ്രകൃതിയും ഒരേ തട്ടിലാണെന്ന മേൽ സുചിപ്പിച്ച വരികൾ വ്യക്തമാകുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം ചുരുക്കി വിവരിക്കുക.

21. ഒരു സഞ്ചാരി കവിയും നോവലിസ്റ്റുമൊക്കെയാവുമ്പോൾ അദ്ദേഹത്തിന്റെ യാത്രാ വിവരണത്തിനു കൈവരുന്ന മെച്ചം 'ബദരിയും പരിസരങ്ങളും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

22. 'നൃത്ത'ത്തിലെ ശ്രീധരന്റെ ജീവിതത്തിൽ ഇന്റർനെറ്റ് ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് പാഠഭാഗത്തു നിന്ന് ലഭിക്കുന്ന തെളിവുകൾ എന്തെല്ലാമാണ് ? ക്രോഡീകരിച്ചെഴുതുക.

**കാവ്യഭാഗം വായിച്ച് 23 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**(2 സ്കോർ വീതം)** **(സ്കോർസ് : 3 × 2 = 6)**

"എവിടെയുമെനിക്കൊരു വീടുണ്ട് – പിരമിഡുകൾ
എഴുന്നേറ്റുപോം മട്ടിലീയൊട്ടകങ്ങളും
ഇളകാത്ത കൂറ്റനാമൊട്ടകം മാതിരി
പഴയൊരിപ്പിരമിഡുമാർന്ന മരുഭൂമിയിൽ
കുരിശിലൊരു കാപ്പിരി ക്രിസ്തു മരിച്ചുയിർ-
ത്തെഴുന്നേല്ക്കുമിരുളാണ്ട ഭൂഖണ്ഡ സീമയിൽ
പാതിരാസൂര്യന്റെ നാടുകളിൽ, മർത്ത്യന്റെ
ജാതകം മാറ്റിക്കുറിക്കുമിടങ്ങളിൽ ...
............ ............ ............ ............ ............
എവിടെയുമെനിക്കൊരു വീടുണ്ട് – ഞാനുമു-
ണ്ടെഴുതി മുഴിമിക്കാത്ത കവിതയും, കാണുവാ-
നുഴറുന്ന നല്ല മനുഷ്യരും, അവരൊത്തു
നുകരാൻ കൊതിക്കുന്ന വാഴ്‌വിന്റെ ലഹരിയും"

(വീടുകൾ – ഒ.എൻ.വി)

23. 'എവിടെയുമെനിക്കൊരു വീടുണ്ട്' എന്ന പ്രയോഗത്തിന്റെ പൊരുളെന്താണ് ?

24. 'കുരിശിലൊരു കാപ്പിരി ക്രിസ്തു' എന്ന പ്രയോഗം ഓർമ്മിപ്പിക്കുന്നതെന്താണ്?

25. ഈ കവിതയിലെ വരികൾ നിങ്ങളിലുണർത്തുന്ന ജീവിതദർശനമെന്താണ്?

**26 മുതൽ 28 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (8 സ്കോർ വീതം) (സ്കോർസ് : 2 × 8 = 16)**

26. മാപ്പിളപ്പാട്ട് രചയിതാക്കളിൽ പ്രമുഖനായ പുലിക്കോട്ടിൽ ഹൈദറിന്റെ ചരമ വാർഷിക ദിനത്തിൽ പ്രസിദ്ധീകരിക്കാനായി അദ്ദേഹത്തിന്റെ ജീവിതത്തെയും സാഹിത്യ സംഭാവനകളെയും വിശദീകരിക്കുന്ന ഫീച്ചർ തയ്യാറാക്കുക.

27. 'നവമാധ്യമങ്ങളും നവസംസ്കാരവും' എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങളുടെ നാട്ടിലെ ഗ്രന്ഥശാലയിൽ സംഘടിപ്പിക്കുന്ന സെമിനാറിൽ അവതരിപ്പിക്കാനായി ഒരു പ്രബന്ധം തയ്യാറാക്കുക.

28. 'ദൃശ്യ ബിംബങ്ങളുടെ സമൃദ്ധി കടമ്മനിട്ടയുടെ കാവ്യഭാഷയെ അപൂർവ സുന്ദരമാക്കുന്നു' – 'കിരാതവൃത്തം' എന്ന കവിതയെ ആസ്പദമാക്കി വിശകലനം ചെയ്യുക.